പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5960 07/07/2014- ൽ മറുപടിക്ക്

## കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. കെ. മുരളീധരൻ :<br>ശ്രീ. എം.പി.വിൻസെന്റ് :<br>ശ്രീ. ലൂഡി ലൂയിസ് : | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കർഷകരുടെ മാതൃകാ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതിക്ക് മൃഗസംരക്ഷണ വകുപ്പ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) ഉണ്ട്. 2014-15 സാമ്പത്തിക വർഷം വികസനവും പരിശീലനവും എന്ന പദ്ധതിയിൽ വിജയകരമായ മോഡലുകളുടെ വ്യാപനത്തിന് 30 ലക്ഷം രൂപ വക കൊള്ളിച്ചിട്ടുണ്ട്. |
| ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | ബി) വിജയകരമായ മോഡലുകൾ മറ്റ് മേഖലയിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് അവയെ ഒരു മാതൃകാസംരംഭമാക്കി മറ്റ് കർഷകർക്ക് പ്രദർശനത്തിനും, അവയുടെ നല്ലവശങ്ങൾ കണ്ട് മനസ്സിലാക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണ് ഇത്. ഇവയിലൂടെ പുതിയ സംരംഭകർക്ക് പ്രോത്സാഹനം നൽകുന്നതിനും പരിശീലനങ്ങൾക്ക് വിധേയ മാക്കുന്നതിനും സാധിക്കുന്നതാണ്. |
| സി) എന്തെല്ലാം സഹായങ്ങളാണ് പ്രസ്തുത പദ്ധതിയനുസരിച്ച് ലഭിക്കുന്നത്; വിശദമാക്കുമോ; | സി) യും ഡി) യും<br>പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി വരുന്നു. |
| ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ? | |

സെക്ഷൻ ഓഫീസർ